# കറുത്തമക്കൾ

പാപതറ കുന്നിന്റെ താഴേക്കൂടി ഒഴുകുന്ന തോടിന്റെ കൈവരിക്കരികിൽ ഞങ്ങൾ വട്ടമിട്ട് ഇരുന്നു. കോരൻ ചേട്ടൻ മടിക്കുത്തീന് വാറ്റ് ചാരായത്തിന്റെ കുപ്പിയെടുത്ത് കടിച്ചു തുറന്ന് അങ്ങേരുടെ നെഞ്ചിനുള്ളിലെ സങ്കടകോപ്പയിലേക്ക് കത്തുന്ന ലഹരി വെള്ളം തേവി നിറച്ചു. ഞങ്ങളാരും ഒന്നും മിണ്ടിയില്ല. തലയൊന്നുയർത്തി നോക്കിയാൽ പാപതറ കുന്നിന്റെ കിഴക്കേച്ചെരുവിൽ നിന്നും ആകാശത്തിലേക്ക് വട്ടമിട്ടു പൊന്തുന്ന പുകച്ചുരുളുകൾ കാണാം. കുറുമ്പന്റെ ചിതയിനിയും കെട്ടിട്ടില്ല.

" എന്റെ ചെക്കനെ അവര് കൊന്നതാടാ കൊമ്പാ..... അവരവനെ നിലത്തിട്ട് ചവിട്ടി തേച്ചു. കുനിച്ച് നിർത്തി ഓരോ കിലോ തൂക്കം വരണ ഇരുമ്പു കട്ടികൊണ്ട് അവര് അവന്റെ പുറമിടിച്ച് പൊളിച്ചു. ചോര തുപ്പിയ എന്റെ ചെക്കന്റെ തൊള്ളയിലേക്കവർ ലാത്തി കുത്തി കേറ്റി."

കോരൻ ചേട്ടൻ പ്രാന്തിളകിയവനെപോലെ തോടിന്റെ കൈവരിയിൽ തല തല്ലി.

" എന്ത് പണിയാണ് കോരൻ ചേട്ടാ നിങ്ങളീ കാണിക്കണേ..... മതി കുടിച്ചത്."

കോരൻ ചേട്ടന്റെ കയ്യീന്ന് ഞാൻ വാറ്റ് ചാരായത്തിന്റെ കഴുത്ത് പൊട്ടിയ കുപ്പി പിടിച്ചു വാങ്ങി. കോരൻ ചേട്ടൻ നിലത്തേക്ക് തല്ലിയലച്ച് വീണു: " കൊമ്പാ എന്റെ മോൻ കത്തി തീർന്നോടാ.."

ഞങ്ങൾ കുന്നിന്റെ ചെരുവിലേക്ക് തലയൊന്നുയർത്തി നോക്കി. ഇപ്പോൾ പുക പൊന്തുന്നില്ല. കുറുമ്പന്റെ ചിത കത്തിയടങ്ങി കഴിഞ്ഞു. ഇനി കുറുമ്പനില്ല; ചെമ്പടയും. കുറുമ്പന്റെ ചിതയ്ക്കൊപ്പം കത്തിയമർന്നത് ഞങ്ങളുടെ ചെമ്പടയെന്ന സംഘമാണ്..... ഞങ്ങളുടെ പാട്ടും നൃത്തവുമാണ്.. ഞങ്ങളുടെ ചെറിയ ലോകത്തിലെ വലിയ വലിയ സന്തോഷങ്ങളാണ്. ആളൊഴിഞ്ഞ കടവിൽ ഒറ്റയ്ക്കു നിൽക്കുമ്പോഴാണ് കുറുമ്പനെ പോലീസ് പിടിച്ചുകൊണ്ട് പോയത്. കുറുമ്പനെന്ന പേരും കറുപ്പ് നിറവും നീട്ടി വളർത്തിയ മുടിയും അവന്റെ മേൽ അവർക്ക് അധികാരം കാണിക്കാനുള്ള കാരണങ്ങളായി മാറി.

"എടാ കറുത്തവനെ നിന്റെ ജാതി പറയെടാ" എന്നും പറഞ്ഞ് അവർ കുറുമ്പന്റെ മേലേക്ക് കുതിരക്കേറി. അച്ഛന്റേം അമ്മയുടേം പേരു ചേർത്ത് പുലയാട്ട് നടത്തി. അവന്റെ നീട്ടി വളർത്തിയ മുടിപിടിച്ചു വലിച്ചു.

അവൻ അമ്മേയെന്നു വിളിച്ച് കരഞ്ഞപ്പോൾ തമ്പ്രാന്ന് വിളിക്കെടാ നായേ.. എന്നും പറഞ്ഞ് അവർ പിന്നേം പിന്നേം അടിച്ചു.

കാര്യമറിഞ്ഞ് ഓടിച്ചെന്ന കോരൻ ചേട്ടനേം അവർ വെറുതേ വിട്ടില്ല. നിന്റെ ചെക്കൻ കഞ്ചാവാടായെന്നും പറഞ്ഞ് അവർ ഒരു പൊതി കഞ്ചാവ് കോരൻ ചേട്ടന്റെ മുന്നിലേക്ക് ഇട്ടുകൊടുത്തു. കോരൻ ചേട്ടൻ കുറുമ്പന്റെ മുഖത്തേക്ക് വ്യസനത്തോടെ നോക്കുക മാത്രം ചെയ്തു.

" ഞാൻ ഒന്നും ചെയ്തിട്ടി ല്ല....ച്ഛാ......" പറഞ്ഞു തീരുന്നതിന് മുൻപേ കുറുമ്പന്റെ നാഭിയിലേക്ക് ഒരുത്തന്റെ മുട്ടുകാൽ കേറിയിറങ്ങി. കുറുമ്പൻ വയറും പൊത്തിപ്പിടിച്ച് നിലത്തേക്ക് വളഞ്ഞുകുത്തി ഇരുന്നു പോയി.

കുറുമ്പന്റെ കലങ്ങിയ നാഭിയിൽ നിന്നും ചെളിവെള്ളം പോലെ മൂത്രം ഒഴുകിയിറങ്ങി പോലീസ് സ്റ്റേഷന്റെ സിമന്റ് തറയിൽ തളം കെട്ടി കിടന്നു.

കോരൻ ചേട്ടൻ അടിമുടി വിറകൊണ്ട് ചുമരിലേക്ക് ചാരി നിന്നു.

ചക്കി ചേച്ചിയും കോരൻ ചേട്ടനും നേതാക്കന്മാരുടെയൊക്കെ കൈയ്യും കാലും പിടിച്ച് കുറുമ്പനെ പിറ്റേന്നു തന്നെ സ്റ്റേഷനീന്ന് ഇറക്കികൊണ്ട് വന്നു. കുറുമ്പൻ ആരോടും ഒന്നും മിണ്ടിയില്ല.
മനസ്സും ശരീരവും ഒരുപോലെ തളർന്നുപോയ കുറുമ്പന്റെ ചിരി പിന്നീട് ഒരിക്കലും ഞങ്ങൾക്ക് കാണാനായില്ല. മനസ്സിലെന്തോ നിശ്ചയിച്ച് ഉറപ്പിച്ചതുപോലെ അവൻ ഇരുട്ടുമുറിയിൽ തന്നെ കഴിച്ചുകൂട്ടി.
പിറ്റേന്ന് കോരൻ ചേട്ടൻ കാണുന്നത് വീടിന്റെ പുറകിലുള്ള ഇരുമ്പൻപുളി മരത്തിന്റെ കൊമ്പിൽ ഞെട്ടറ്റു വീഴാറായ പുളിപോലെ ആടികൊണ്ടിരിക്കണ കുറുമ്പനേയാണ്.
കോരൻ ചേട്ടനും ചക്കി ചേച്ചിയും ആ മരത്തിന്റെ കടയ്ക്കൽ, മോനേ കുറുമ്പാ.... മക്കളേ............എന്നും പറഞ്ഞ് കരഞ്ഞലച്ച് വീണു.
അതൊക്കെ ആര് കാണാൻ; കേൾക്കാൻ. പോയപ്പോ ആർക്ക് പോയി. കോരൻ ചേട്ടനും ചക്കി ചേച്ചിക്കും പോയി. അവരുടെ ആകെയുള്ള സമ്പാദ്യം പോയി.
ഞങ്ങൾക്ക് ഞങ്ങളുടെ കുറുമ്പനെ നഷ്ടമായി. ചെമ്പടയെന്ന ഞങ്ങളുടെ നാടൻപാട്ട് സംഘത്തിന്റെ ശബ്ദം പോയി.
ഞങ്ങളുടെ നിറവും പേരും ജാതിയും പാട്ടുകളും എല്ലാം തെറ്റാണത്രേ. വെളുത്തവനും കറുത്തവനും രണ്ട് നിയമങ്ങളാണത്രേ.
ഞങ്ങൾ കോരൻ ചേട്ടനെ താങ്ങിപിടിച്ച് അങ്ങേരുടെ വീട്ടിലാക്കി. വെട്ടോം വെളിച്ചോമില്ലാത്ത ആ വീടിനും കറുപ്പ് നിറം തന്നെയായിരുന്നു. ഞങ്ങൾ ഒരോരുത്തരായി ഞങ്ങളുടെ വീടുകളിലേക്കുള്ള ഇരുട്ട് നിറഞ്ഞ വഴികളിലൂടെ നടന്നു. ഞാൻ വീട്ടിലെത്തുമ്പോൾ അമ്മയും അച്ഛനും ഉമ്മറത്ത് തന്നെ മിണ്ടീം പറഞ്ഞും ഇരിപ്പുണ്ടായിരുന്നു.
ഞാനും അവർക്കരികിൽ ചെന്നിരുന്നു: " നിങ്ങളു ഉറങ്ങീലേ......" ഞാൻ അമ്മയുടെയും അച്ഛന്റെയും മുഖത്തേക്ക് മാറി മാറി നോക്കി.
" ഞങ്ങൾക്ക് ഉറക്കം വന്നില്ലെടാ....നിന്നെ കാണാത്തോണ്ട് എന്തോ ഒരു ഭയം ഞങ്ങളുടെ ഉള്ളിൽ കിടന്ന് പിടയാർന്നു."
അച്ഛൻ ഒരു ബീഡിക്ക് തീപിടിപ്പിച്ച് മൂട്ടിൽ പറ്റിയ മണ്ണ് തട്ടികുടഞ്ഞെണീറ്റ് വീടിന്റെ അകത്തേക്ക് പോയി. അമ്മ എന്റെ അരികിലേക്ക് കുറച്ചുകൂടി ചേർന്നിരുന്നു.
" കൊമ്പാ... നീയ്യിനി മുടി നീട്ടി വളർത്തണ്ട." അമ്മ പറഞ്ഞു.
" അപ്പോ പഴനീ പോയി തലമൊട്ടയടിക്കാനുള്ള നേർച്ചയോ...." ഞാൻ ചോദിച്ചു.
" ഇനി നീ എവിടേം പോകണ്ട... നിന്റെ മുടി ഞാൻ വെട്ടി തരാം. ദൈവം നമുടെയൊക്കെ ഉള്ളിൽ തന്നെയാണ് കൊമ്പാ.." അച്ഛന്റെ കൈയ്യിലിരുന്ന കത്രിക എന്റെ തലയിലൂടെ ഓടി നടന്നു. പഴനി മുരുകനു നേർച്ചനേർന്ന് ഞാൻ നീട്ടി വളർത്തിയ മുടി ഞങ്ങളുടെ മുറ്റത്തു തന്നെ ചിതറി കിടന്നു. മുടി വെട്ടി കഴിഞ്ഞപ്പോൾ ഞാൻ അച്ഛനോട് ചോദിച്ചു: " എന്റെ കൊമ്പാനുള്ള പേരുമിനി മാറ്റണ്ടേയെന്നു." അച്ഛൻ മറുപടിയൊന്നും പറഞ്ഞില്ല.
ഞാൻ വീടിന്റെ പുറകിലൂടെ പുഴയിലേക്ക് നടന്നു. പുഴ കറുത്ത് കിടക്കുന്നതു പോലെ എനിക്ക് തോന്നി. ഞാൻ പുഴയിലേക്ക് നോക്കി കുറച്ചുനേരം നിന്നു. പെട്ടെന്ന് പുഴയ്ക്കടിയിൽ നിന്നും അപ്പുണ്ണി പൊന്തി വന്നു. മാളികപ്പുറത്തെ സദാനന്ദൻ ചേട്ടന്റെ മകൻ. ഞങ്ങളവനെ വെള്ളപാറ്റേയെന്ന് കളിയാക്കി വിളിക്കാറുണ്ട്.

സദാനന്ദൻ ചേട്ടൻ ഞങ്ങളെ കാണുമ്പോൾ " ആ... കൊത്തിചെക്കന്മാര് ഇറങ്ങ്യേല്ലോയെന്ന്" പൂച്ഛിക്കും.
"കൊമ്പാ..... ഇറങ്ങണില്ലേ?" അപ്പൂണ്ണി വെള്ളം കൈകൊണ്ട് കോരി കുടിച്ചു.
ഞാൻ ഇറങ്ങണോ വേണ്ടയോ എന്ന് ശങ്കിച്ച് അവിടെ തന്നെ നിന്നു. അപ്പൂണ്ണി കരയിലേക്ക് കയറിവന്ന് എന്റെ കൈയ്യിൽ പിടിച്ചു: " കുറുമ്പൻ പോയല്ലേ."
ഞാൻ തലയാട്ടി.
" നിങ്ങളുടെ സംഘത്തിൽ എന്നെ ചേർക്കോ. ഞാൻ നന്നായി പാടും." അപ്പൂണ്ണി എന്റെ കൈയ്യിൽ ഒന്നുകൂടി മുറുക്കിപ്പിടിച്ചു.
" അതിനിനി സംഘമില്ല അപ്പൂണ്ണി." എന്റെ തൊണ്ടയിടറി: " ഞങ്ങളോട് കൂട്ട് കൂടാനൊക്കെ അപ്പൂണ്ണിയുടെ അച്ഛൻ സമ്മതിക്കുമെന്ന് തോന്നണുണ്ടോ."
പെട്ടെന്ന് അപ്പൂണ്ണി എന്നെക്കേറി വട്ടം കെട്ടിപ്പിടിച്ചു: " സംഘം തുടരണം കൊമ്പാ... ഞാനുമുണ്ട് നിങ്ങൾക്കൊപ്പം. ഈ കെട്ടകാലത്തെ പാടിയുണർത്താൻ നിങ്ങളുടെ പാട്ടും തുടിയും കൂടിയേ തീരൂ. നമ്മൾ പാടികൊണ്ടേയിരിക്കും."
അപ്പൂണ്ണി പുഴയിലേക്ക് വിരൽ ചൂണ്ടി: " കൊമ്പാ ഈ പുഴ പുറകിലേക്കാണ് ഒഴുകുന്നത്, കാലം പോലെ. എത്ര പുരോഗമിച്ചിട്ടും അഴുക്കും ചെളിയും കെട്ടികിടന്ന് കാലമിപ്പോൾ പുറകിലേക്ക് ഒഴുകികൊണ്ടിരിക്കുകയാണ്. അതിനെതിരെ ഒഴുകാൻ നമുക്കാകണം. നമ്മളേപോലെ ചിലരെങ്കിലും തോളോട് തോൾച്ചേർന്ന് നിൽക്കണം. കുറുമ്പനെപോലുള്ളവർ ഇനിയും മരിച്ചുകൂടാ.."
"കറുത്തവനോട് ഈ ലോകത്തിന് ഇപ്പഴും വെറുപ്പുണ്ട്. അത് വെളുത്തവന്റെ ഉള്ളു കറുത്തിരിക്കുന്നത് കൊണ്ടാണ്. മാറേണ്ടത് പേരോ നിറമോ കുലമോ അല്ല. മനസ്സാണ്. കറുത്തവന് അവന്റെ തൊലിയുരിച്ച് കളഞ്ഞ് വെളുത്തവന്റെയൊപ്പം ചേർന്ന് നിൽക്കാനാകില്ലല്ലോ. ഉള്ളുരച്ച് ശുദ്ധിവരുത്താൻ മാത്രമേ സാധിക്കൂ."
അപ്പൂണ്ണി പറഞ്ഞതിന്റെ പൊരുളൊന്നും എനിക്ക് മുഴുവനായും പിടികിട്ടിയില്ല. പക്ഷെ ഞാൻ അപ്പൂണ്ണിയെ കെട്ടിപ്പിടിച്ചു. അപ്പോൾ കടവിലേക്ക് നിലാവെട്ടം ഒഴുകി പരക്കാൻ തുടങ്ങിയിരുന്നു. എന്റെ മനസ്സിലുണ്ടായിരുന്ന സകല ഭയങ്ങളും ആ നിമിഷം മുതൽ ഇല്ലാതായി. ഞങ്ങൾ പാപതറ കുന്നിന്റെ കിഴക്കേച്ചെരുവിലേക്ക് നടന്നു.
അപ്പൂണ്ണി ചെറിയ ശബ്ദത്തിൽ പാടാൻ തുടങ്ങി.

ഞങ്ങൾക്കു പുറകിൽ പുഴ ശാന്തമായി ഒഴുകികൊണ്ടിരുന്നു ▪

**അനിൽ ദേവസ്സി**